## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 6048            19.11.2019 -ൽ മറുപടിയ്ക്ക്

നിലമ്പൂർ മണ്ഡലത്തിലെ ടൂറിസം സാധ്യത

| | ചോദ്യം<br>ശ്രീ.പി.വി. അൻവർ : | | മറുപടി<br>**ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
|---|---|---|---|
| എ) | സംസ്ഥാനത്തെ ടൂറിസം ഡെസ്റ്റിനേഷനുകളെ മുൻഗണനാ ക്രമത്തിൽ വർഗീകരിച്ചിട്ടുണ്ടോ; എങ്കിൽ പട്ടികയിൽ നിലമ്പൂരിനുള്ള സ്ഥാനം എത്രയാണെന്ന് വിശദമാക്കാമോ; | എ) | സംസ്ഥാനത്തെ ടൂറിസം ഡെസ്റ്റിനേഷനുകളുടെ മുൻഗണനാ ക്രമം സംബന്ധിച്ചുള്ള വിവരം ലഭ്യമല്ല. 09.02.2009 ലെ സർക്കാർ ഉത്തരവ് സ.ഉ(സാധാ) 1030/09/റ്റി.എസ്.എം പ്രകാരം നിലമ്പൂരിനെ "ഡെസ്റ്റിനേഷൻ കേരള സ്കീമിൽ" ടൂറിസ്റ്റ് ഡെസ്റ്റിനേഷനായി ക്രമ നമ്പർ (21) പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ബി) | സംസ്ഥാനത്തെ ഇരുപത് ടൂറിസം ഡെസ്റ്റിനേഷനുകളിൽ നിലമ്പൂർ ഉൾപ്പെടുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | ബി) | സംസ്ഥാനത്തെ ആദ്യത്തെ ഇരുപത് ടൂറിസം ഡെസ്റ്റിനേഷനുകളിൽ നിലമ്പൂർ ഉൾപ്പെട്ടിട്ടില്ല. |
| സി) | നിലമ്പൂർ മണ്ഡലത്തിൽ ടൂറിസം സാധ്യതയുള്ളതും ഭരണാനുമതി ലഭിച്ചതും പരിഗണനയിൽ ഇരിക്കുന്നതുമായ ടൂറിസം പദ്ധതികളും തടസ്സപ്പെട്ട പദ്ധതികളും ഏതൊക്കെയെന്ന് വിശദമാക്കാമോ; പ്രസ്തുത പദ്ധതികളുടെ തടസ്സം നീക്കാൻ സ്വീകരിച്ച നടപടി അറിയിക്കാമോ; | സി) | നിലമ്പൂർ നിയോജക മണ്ഡലത്തിൽ "നിലമ്പൂർ ടൂറിസ്റ്റ് ഹബ്" എന്ന പദ്ധതിയ്ക്ക് 2 കോടി രൂപയുടെ ഭരണാനുമതി 31/12/2015 ൽ നൽകുകയും ഡി.റ്റി.പി.സി മലപ്പുറത്തിന്റെ മേൽനോട്ടത്തിൽ കേരള സ്റ്റേറ്റ് നിർമിതി കേന്ദ്രം മുഖേന നിർമ്മാണ പ്രവൃത്തികൾ നടന്നു വരുന്നു. പദ്ധതിയുടെ 30% നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ കഴിഞ്ഞ വർഷങ്ങളിലെ പ്രളയത്തിൽ പദ്ധതി പ്രദേശത്തെ റീട്ടെയ് നിങ് വാൾ തകരുകയും പ്രവർത്തി നിർത്തി വയ്ക്കുകയും ചെയ്തു. നിലവിലെ പദ്ധതി പ്രവർത്തികൾക്കായി കൂടുതൽ ചെലവ് വന്നതിനാൽ ഭരണാനുമതി ലഭിച്ച തുകയിൽ ബാക്കിയായുള്ള തുകയ്ക്കുള്ളിൽ ചെയ്ത് തീർക്കാവുന്ന ഘടകങ്ങൾ ഉൾപ്പെടുത്തി ആയതിനുള്ള നിർമ്മാണ പ്രവർത്തികൾക്കുള്ള എസ്റ്റിമേറ്റും പ്ലാനും തയ്യാറാക്കി പുതുക്കിയ ഭരണാനുമതിയ്ക്കായി നടപടി സ്വീകരിച്ച് വരുന്നു.<br>നിലമ്പൂർ മണ്ഡലത്തിൽ 'ലോട്ടസ് ഗാർഡൻ അറ്റ് നിലമ്പൂർ' എന്ന ടൂറിസം പദ്ധതിയ്ക്ക് 1.50 കോടി രൂപയുടെ ഡി.പി.ആർ ടൂറിസം എം പാനൽഡ് ആർക്കിടെക്റ്റായ |

| | | | |
|---|---|---|---|
| | | | ടെക് നോ ആർക്കിടെക്ച്ചർ ഡിസൈൻ പ്ലസ് ഇന്റീരിയേഴ്സ് തയ്യാറാക്കിയത് നിലമ്പൂർ നഗരസഭയുടെ കത്ത് ഉൾപ്പെടെ ഭരണാനുമതിയ്ക്കായി ഡി.റ്റി.പി.സി മലപ്പുറം വകുപ്പിൽ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി സ്ഥലത്തിന്റെ വിവരങ്ങൾ നിലമ്പൂർ മുനിസിപ്പാലിറ്റിയിൽ നിന്നും ലഭിച്ചിട്ടില്ല. മാത്രമല്ല പദ്ധതി പ്രവർത്തനത്തിന് സ്ഥലത്തിന്റെ Permissive sanction ആവശ്യമുള്ളതിനാൽ ടി പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടില്ല.<br>കൂടാതെ നിലമ്പൂർ മണ്ഡലത്തിൽ പരിഗണനയിലുള്ള ടൂറിസം പദ്ധതികളായ 'ഗേറ്റ് വേ ഓഫ് നിലമ്പൂർ, പദ്ധതിയ്ക്ക് 3.76 കോടി രൂപയുടെയും അമരമ്പലം പദ്ധതിയ്ക്ക് 2.13 കോടി രൂപയുടെയും ഡി.പി.ആർ ഡി.റ്റി.പി.സി തയ്യാറാക്കിയെങ്കിലും സ്ഥലം ലഭ്യമാകാത്തതിനാൽ ഭരണാനുമതി നൽകിയിട്ടില്ല.<br>'ഗേറ്റ് വെ ഓഫ് നിലമ്പൂർ - ഉണർവ്വ്', ടൂറിസം പദ്ധതി പൂർത്തിയായെങ്കിലും പദ്ധതി നടപ്പിൽ വരുത്തുന്നതിനായി ബിൽഡിങ് നമ്പർ ലഭിക്കേണ്ടതുണ്ട്. പ്രസ്തുത പദ്ധതിയ്ക്ക് ഉപയോഗാനുമതി ലഭിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിനോടും (നിരത്ത് വിഭാഗം) ആവശ്യപ്പെട്ടിട്ടുണ്ട്.<br>കരുളായി ഗ്രാമപഞ്ചായത്തിലെ മുക്കം ചെറുപുഴ വളയംകണ്ട് പ്രദേശത്തുള്ള 2 ഏക്കർ ഭൂമി ടൂറിസം പദ്ധതിയ്ക്കായി ലഭ്യമാക്കുവാൻ ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിയോട് മലപ്പുറം ഡി.റ്റി.പിസി മുഖേന ആവശ്യപ്പെട്ടിട്ടുണ്ട്. |
| ഡി) | ടൂറിസം രംഗത്ത് പൊതുജനങ്ങൾക്കോ വ്യക്തികൾക്കോ സർക്കാരുമായി സഹകരിച്ച് നിക്ഷേപം നടത്തുന്നതിനുള്ള നടപടി ക്രമങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | ഡി) | ഡി.റ്റി.പി.സി യുടെ കീഴിലുള്ള ഡെസ്റ്റിനേഷനുകളിൽ പുതിയ ആക്റ്റിവിറ്റികൾ സ്ഥാപിച്ച് ഡെസ്റ്റിനേഷൻ മുഴുവനായോ ആക്റ്റിവിറ്റികൾ മാത്രമായോ ഏറ്റെടുത്ത് നടത്തുന്നതിന് വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും താത്പര്യപത്രം ക്ഷണിക്കുകയും ടെക്നിക്കൽ ഫിനാൻഷ്യൽ ബിഡുകൾ സ്വീകരിച്ച് കരാറുകാരെ കണ്ടെത്തി നൽകുകയുമാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ